**055/2025** **(Pages : 2)**

Maximum : 100 marks

Time : 1 hour and 05 minutes

Instructions :

1. The following matter should be dictated to the candidates loudly and distinctly and only Once, at the rate of 75 words per minute.
2. Speed should be regulated at every quarter of minute.
3. Before commencement at the dictation, the candidate should be asked to take down the matter in short-hand and transcribe into long-hand in ink.

ഒന്നേകാൽ നൂറ്റാണ്ടിനിടെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള അത്യുഷ്ണത്തിൽ തപിക്കുകയാണ് രാജ്യം. ഇനി വരാനിരിക്കുന്നത് ഇതിലും കൊടിയ ചൂടാണെന്ന് കാലാവസ്ഥാവകുപ്പ് / മുന്നറിയിപ്പു നൽകുന്നു. ആസന്നമായ ദുരന്തം എന്ന നിലയിൽ തന്നെ കണ്ട് മുന്നൊരുക്കം നടത്തേണ്ട സമയമാണിത്. ഈ സാഹചര്യത്തിൽ കേരളത്തിലെ ഉഷ്ണതരംഗ പ്രതിരോധകർമ്മ പദ്ധതിയും // (ഹീറ്റ് ആക്ഷൻ പ്ലാൻ) അടിമുടി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തെ കാലാവസ്ഥാമാറ്റം ഗുരുതരമായി ബാധിക്കാറില്ല. എന്നാൽ, മുൻ വർഷത്തേക്കാൾ ഇപ്പോൾ ചൂട് /// കാര്യമായി കൂടി വരുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഈ വർഷം മാർച്ച് ആയപ്പോഴേക്കും ചൂട് അസഹ്യമായി. കഴിഞ്ഞ ഫെബ്രുവരിയിലേതിനെക്കാൾ 0.65 ഡിഗ്രി ചൂട് ഇത്തവണ കൂടിയതായാണ് (1) കണക്ക്. ഈ പോക്കു പോയാൽ ഏപ്രിലിൽ കേരളം വരണ്ടുണങ്ങും. കടുത്ത വരൾച്ചയുടെ മുന്നറിയിപ്പാണ് പ്രകൃതിയിൽ നിന്ന് മുഴങ്ങുന്നത്. 'എൽനിനോ' പ്രതിഭാസം ഇത്തവണയുമുണ്ടാകുമെന്നാണ് / ആഗോള കാലാവസ്ഥാ സംഘടന പറയുന്നത്. അത് കൂടി വന്നാൽ നമ്മുടെ പ്രകൃതിയും ജീവിതവും എങ്ങനെ തകിടം മറിയുമെന്നു കണ്ടറിയണം.

ഹൈദരാബാദാണ് ഇന്ത്യയിൽ ആദ്യമായി ഹീറ്റ് ആക്ഷൻ പ്ലാൻ //നടപ്പിലാക്കിയത്. 2013-ൽ തുടങ്ങിയ ഈ ഉഷ്ണകാലകർമ്മപദ്ധതി മറ്റു നഗരങ്ങൾക്കും മാതൃകയായി ഇതിന്റെ ചുവടുപിടിച്ച് 2020-ൽ കേരളം ഈ പദ്ധതി /// ആവിഷ്കരിച്ചു. കേരളദുരന്തനിവാരണ അതോറിറ്റിയുടെ കീഴിലായിരുന്നു ഇത്. ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരമുള്ള പല നിർദ്ദേശങ്ങളും കേരളം നടപ്പിലാക്കി വരുന്നുണ്ട്. എല്ലാവർക്കും ശുദ്ധജലം (2) ലഭ്യമാക്കുക, ഉഷ്ണ

**[P.T.O.]**

കാരണമുണ്ടാകാനിടയുള്ള ശാരീരിക പ്രശ്നങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുക, ജനങ്ങളെ ബോധവൽക്കരിക്കുക, തണലിടങ്ങളും വിശ്രമകേന്ദ്രങ്ങളുമൊരുക്കുക തുടങ്ങിയവയെല്ലാം / അതിൽപ്പെടുന്നു. ജനത്തിനുണ്ടാകുന്ന ശാരീരിക സ്വാസ്ഥ്യങ്ങൾ പരിഹരിക്കാൻ എല്ലാ ഉദ്യോഗസ്ഥന്മാർക്കും പ്രാഥമിക ആരോഗ്യ പരിശീലനം നൽകണം എന്നൊരു നിർദ്ദേശം കൂടിയുണ്ടായിരുന്നു. അത്// എത്രത്തോളം പ്രായോഗികമായി എന്നു വ്യക്തമല്ല. അതതു കാലത്തെ ഉഷ്ണ പ്രതിസന്ധിയെ നേരിടാനുള്ള പദ്ധതികളാണ് ഇവയെല്ലാം ചൂട് കൂടി വരുന്നെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ /// ഇനി ദീർഘകാലാടി സ്ഥാനത്തിലുള്ള കർമ്മപദ്ധതികളാണ് വേണ്ടത്. അത് രൂപപ്പെടുത്തേണ്ടത് വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാവണം. 44 നദികളൊഴുകുന്ന ഒരു (3) സംസ്ഥാനം മഴ നിലയ്ക്കുന്നതോടെ വരണ്ടുവേവുന്നത് ഒട്ടും ആശ്വാസ്യമല്ല. പെയ്യുന്ന മഴവെള്ളം മുഴുവൻ രണ്ടു ദിവസം കൊണ്ട് കടലിലെത്തുന്നെന്നത് നമ്മുടെ / ജലസംഭരണ പ്രവർത്തനങ്ങളുടെ പരാജയത്തെയാണ് കാണിക്കുന്നത്. വയലുകളും, തണ്ണീർത്തടങ്ങളും ചതുപ്പുകളും ഇല്ലാതെയാക്കിയതിന്റെ ഫലമായി ആളോഹരി ജലലഭ്യതയിൽ വൻ ഇടിവാണ് കേരളത്തിലുണ്ടായത്. // ഭൂഗർഭ ജലസ്രോതസ്സുകൾ ഇല്ലാതായി. ലഭിക്കുന്ന വെള്ളത്തിന്റെ ഒരംശമെങ്കിലും ഭൂമിയുടെ ഉപരിതലത്തിൽ പിടിച്ചു നിർത്തുന്നതിന് പദ്ധതികൾ വേണം. ഓരോ പ്രദേശത്തും വേനൽക്കാല //ത്തേക്കാവശ്യമുള്ള വെള്ളം സംഭരിക്കേണ്ട ഉത്തരവാദിത്വം അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകണം അവർ ജനകീയ സഹകരണത്തോടെ ഈ ഉത്തരവാദിത്വം നിറവേറ്റണം. മഴവെള്ളക്കൊയ്ത്തു (4) പോലുള്ളവ കർശനമായി നടപ്പാക്കണം. മഴയും വെള്ള പ്പൊക്കവും പോലെത്തന്നെ അസഹ്യമായ ചൂടും വരൾച്ചയും ഇനി അപ്രതീ ക്ഷിത ദുരന്തങ്ങളല്ല. എന്തും സംഭവിക്കാവുന്ന തരത്തിൽ കാലാവസ്ഥ/ തകിടം മറിഞ്ഞു കഴിഞ്ഞു. ദീർഘവീക്ഷണത്തോടെ ശാസ്ത്രീയമായി അതിനെ നേരിടുക മാത്രമാണ് പോംവഴി പ്രളയത്തെ നേരിടാൻ നമ്മൾ കൈക്കൊണ്ടതു പോലൊരു കർമ്മ പദ്ധതി // ഇനി എല്ലാ വർഷവും വേനലിന്റെ കാര്യത്തിലുംവേണം.

സ്വാഭാവിക കാലാവസ്ഥാ മാറ്റത്തെ നിയന്ത്രിക്കാനാവില്ല. പക്ഷേ മനുഷ്യ പ്രേരിതമായ കാര്യങ്ങൾ കൊണ്ടു കൂടി കാലാവസ്ഥയ്ക്ക് മാറ്റമുണ്ടാകുന്നു. കാട്, /// കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, കുന്നുകൾ, മലകൾ, വയലുകൾ എന്നിവ നശിപ്പിക്കുന്നതും പ്രധാന കാരണങ്ങളാണ്. സ്വാഭാവിക ജലസംഭരണ സംവിധാനത്തോടൊപ്പം സമഗ്രവും ശാസ്ത്രീയവുമായ ജലസംരക്ഷണവും ആവശ്യമാണ്. (5)

---